# കോർപ്പറേറ്റാഭിമുഖ്യ പുനർനിർമാണമല്ല, പരിസ്ഥിതിസൗഹൃദ ജനപക്ഷ കേരളമാണ് കെട്ടിപ്പടുക്കേണ്ടത്

പ്രളയംസൃഷ്ടിച്ച മഹാദുരന്തത്തിൽ 350-ാളംപേർ മരണപ്പെടുകയും 12 ലക്ഷത്തിലേറെപ്പേർ ദുരിതാശ്വാസക്യാമ്പുകളിൽ അഭയംതേടുകയും ചെയ്തതിന്റെ തുടർച്ചയായി നിരവധി പേർ ഇപ്പോഴും ദുരിതാശ്വാസക്യാമ്പുകളിൽ തന്നെയാണ്. ലക്ഷത്തിലേറെ ഏക്കറിലെ കൃഷിയും ചെറുകിട ഉൽപാദന, തൊഴിൽമേഖലകളും തകർന്നു. ഏറ്റവുമധികം ദുരന്തങ്ങൽക്കു വിധേയമായ ദരിദ്ര, പാർശ്വവൽകൃത വിഭഗങ്ങൾ ക്യാമ്പുകളിൽനിന്നും തിരിച്ചുപോകാനാകാത്ത വിധം പർപ്പിടവും ഉപജീവനും നഷ്ടപ്പെട്ടവരായിരിക്കുന്നു. ഉൽപാദന ഉപഭോഗമേഖലകൾ തകർന്നതേതുടർന്ന് സമ്പദ്ഘടനയും സാമൂഹിക ജൂവിതവും ഗുരുതര പ്രതിസന്ധിയിലായിരിക്കുന്നു.

ആഗോള താപനവുമായി ബന്ധപ്പെട്ട കാലാവസ്ഥാവ്യതിയാനത്തിന്റെ ഭാഗമായുണ്ടായ ന്യൂനമർദമാണ് ഈ പ്രളയത്തിനു അടിസ്ഥാനമെങ്കിലും അത് മഹാദുരന്തത്തിലേക്കു നയിച്ചത്, ഗാഡ്ഗിൽ റിപ്പോർട്ട് ചൂണ്ടിക്കാട്ടിയതുപോലെ പശ്ചിമഘട്ടത്തിലെ അതീവ പരിസ്ഥിതി ദുർബല മേഖലകളിലടക്കം വ്യാപകമായ ക്വാറികളും വനനശീകരണവും നിർമാണ പ്രവർത്തനങ്ങളും സൃഷ്ടിച്ച ഉരുൾപൊട്ടലുകളും മണ്ണിടിച്ചിലുകളുമാണ്. അതിതീവ്ര മഴക്കൊപ്പം മൂന്നു ഡസനോളം ഡാമുകൾ തുറന്നുവിട്ടതും വിനാശത്തിനു കാരണമായി. പുഴകളുടെ സ്വാഭാവിക അതിരുകൾ അവഗണിച്ചുകൊണ്ടുള്ള ഭൂവിനിയോഗവും അവയിലേക്കുള്ള തോടുകളുടെയും കൈവഴികളുടെയും വെള്ളമൊഴുക്കു തടസപ്പെട്ടത്, ജലനിർഗമന ചാലുകളിൽ മാലിന്യങ്ങൾ അടിഞ്ഞുകൂടിയത്, പുഴതീരങ്ങളിൽ വ്യാപകമായ റിയൽ എസ്റ്റേറ്റും നഗരവൽക്കരണവും തുടങ്ങിയവ സ്ഥിതി ഗുരുതരമാക്കി. കഴിഞ്ഞ കാൽനൂറ്റാണ്ടിനുള്ളിൽ മാത്രം നെൽകൃഷിപ്രദേശങ്ങൾ അഞ്ചിലൊന്നായി ചുരുങ്ങുകയും അരനൂറ്റാണ്ടിനുള്ളിൽ കുട്ടനാടൻ കായൽപ്രദേശങ്ങൾ അറുപതുശതമാനം നഷ്ടമാകുകയും ചെയ്തു. കാലാവസ്ഥാ നിരീക്ഷണ-ഡാം മാനേജ്മെന്റ്-ദുരന്ത നിവാരണ സംവിധാനങ്ങൾ നിഷ്ഫലമായി. മുന്നറിയിപ്പു സംവിധാനങ്ങൾ ഫലപ്രദമാകാത്തവിധം കെടുകാര്യസ്ഥതയും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വവും ശക്തമായി.

പ്രളയാനന്തര കേരളത്തെ നവനിർമിക്കാനെന്ന പേരിൽ പുനർനിർമ്മാണപദ്ധതികൾ ചർച്ച ചെയ്യാൻ ഓഗസ്റ്റ് 30ന് പ്രത്യേക നിയമസഭാ സമ്മേളനം ചേരുകയാണ്. ഈ സന്ദർഭത്തിൽ സി പി ഐ(എം എൽ) റെഡ്സ്റ്റാർ, പശ്ചിമഘട്ട സംരക്ഷണ ഏകോപന സമിതി, തീരദേശ വനിതാ ഫെഡറേഷൻ, പുതുവൈപ്പ് എൽ പി ജി ടെർമിനൽ വിരുദ്ധ ജനകീയ സമരസമിതി തുടങ്ങിയ സംഘടനകളും ജനാധിപത്യവാദികളും ഓഗസ്റ്റ 27ന് എറണാകുളത്ത് യോഗംചേരുകയും, ആഗോള കാലാവസ്ഥാവ്യതിയാനത്തിന്റെ ഭാഗമായി കേരളത്തിലുണ്ടായ പേമാരിയും അത് പ്രളയദുരന്തമായി മാറിയ ഇവിടുത്തെ സവിശേഷ സാഹചര്യങ്ങളും ചർച്ചചെയ്യുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ രൂപംകൊണ്ട *പരിസ്ഥിതി സൗഹൃത്തിനും ജനപക്ഷ വികസനത്തിനുമായുള്ള കൂട്ടായ്മ* താഴെപ്പറയുന്ന നിർദേശങ്ങൾ മുന്നോട്ടുവെക്കുന്നു.

1 ദുരിതാശ്വാസ ക്യാമ്പുകളായ സ്ക്കൂളുകൾ തുറക്കാനിരിക്കെ വീടുകളിലേക്ക ് പോകാനാവാത്തവർക്ക് കേരളത്തിൽ ഒഴിഞ്ഞുകിടക്കുന്ന ഫ്ളാറ്റുകളും വീടുകളും റിസോർട്ടുകളും റിലീഫ് ക്യാമ്പുകളായി സർക്കാർ ഉടൻ തുറന്നുകൊടുക്കണം. ദുരിതാശ്വാസ- പുനരധിവാസ പ്രവർത്തനങ്ങളിൽ രക്ഷാപ്രവർത്തനങ്ങളിൽ പങ്കെടുത്ത മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവരെക്കൂടി പങ്കാളികളാക്കണം.

2 നിശ്ചിത തുക പണമായി വിതരണം ചെയ്യുന്നതെക്കാൾ ദുരിതബാധിതർക്ക് അവശ്യവസ്തുക്കളും ഉപജീവനവും ഉറപ്പുവരുത്താനാണ് സർക്കാർ ഊന്നൽ നൽകേണ്ടത്. ഉപഭോഗവിപണിയെ നിയന്ത്രിക്കുന്ന കോർപ്പറേറ്റ് കച്ചവട ശക്തികൾക്ക് കൊള്ളക്കവസരമുണ്ടാകാത്ത തരത്തിൽ പൊതു വിപണിയിലെ ഇടപെടൽ അടിയന്തരമായി ശക്തിപ്പെടുത്തണം.

3 പ്രളയാനന്തര നിർമാണ പ്രവർത്തനങ്ങൾ ജനകീയാവശ്യങ്ങൾക്കുതകുന്നതും പരിസ്ഥിതി സൗഹൃദ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുന്നതുമായിരിക്കണം.

4 ദുരിതബാധിതരായ മുഴുവൻ കർഷകരുടെയും കടം എഴുതിത്തള്ളുകയും കാർഷിക പുനരധിവാസപദ്ധതികൾ ആവിഷ്ക്കരിക്കുകയും വേണം.

5 ഉരുൾപൊട്ടലും മണ്ണിടിച്ചിലും മൂലം തകർന്ന പശ്ചിമഘട്ട പരിസ്ഥിതിലോല മേഖലകളിലെ റിസോർട്ടുകളും കെട്ടിട സമുച്ചയങ്ങളും പുനർനിർമിക്കാതിരിക്കുകയും അവശേഷിക്കുന്നവ അടച്ചുപൂട്ടുകയും വേണം. ഗാഡ്ഗിൽ റിപ്പോർട്ട് ചൂണ്ടിക്കാട്ടിയ *സോൺ വൺ* ലെ ക്വാറി, നിർമാണ പ്രവർത്തനങ്ങൾ നിരോധിക്കുക.

6 അതിവൃഷ്ടിയുടെ ആഘാതത്തെ ചെറുക്കാനുള്ള മണ്ണിന്റെയും പുഴകളുടെയും സ്വാഭാവിക ശേഷിയെ തടസപ്പെടുത്തുന്ന എല്ലാ നിർമാണങ്ങളും കയ്യേറ്റങ്ങളും അവസാനിപ്പിക്കുക. പുഴതീരങ്ങളിൽ കൃഷിമാത്രം അനു

വദിക്കുക. പ്രളയാനന്തരം അവസരം കാത്തുകഴിയുന്ന മണൽ, മണ്ണ് മാഫിയകളെ നിലക്കു നിർത്തുക.

7 നെൽവയൽ തണ്ണീർത്തട നിയമത്തിൽ വെള്ളം ചേർക്കുന്നത് അവസാനിപ്പിച്ച് കൃഷിക്കും പരിസ്ഥിതി സംരക്ഷണത്തിനും ഉതകും വിധം ശക്തിപ്പെടുത്തുക.

8 നിർബന്ധിത കുടിയൊഴിപ്പിക്കലുകളിൽ ഊന്നുന്നതും പിപിപി മാതൃകയിലുള്ളതുമായ എല്ലാ റോഡുവികസന പദ്ധതികളും ശാസ്ത്രീയ ഭൂവിനിയോഗവും ജനകീയ താൽപര്യങ്ങളും മുൻനിർത്തി അവസാനിപ്പിക്കുക. തീരദേശ-മലയോര ഹൈവേ പദ്ധതികൾ നിർത്തിവെക്കുക.

9 സംസ്ഥനത്തിനു വൻ സാമ്പത്തിക ബാദ്ധ്യതയും കൊടിയ പരിസ്ഥിതി വിനാശവും വരുത്തിവെക്കുന്നതും മത്സ്യത്തൊഴിലാളികളുടെ വാസസ്ഥലങ്ങളും ഉപജീവനവും ഇല്ലാതാക്കുന്നതുമായ വിഴിഞ്ഞം പദ്ധതി, ആലപ്പാട്- ആറാട്ടുപുഴ മേഖലയിലെ കരിമണൽഖനനം പുതുവൈപ്പിലെ ഐഒസി പ്ലാന്റ് ഗയിൽ പദ്ധതി തുടങ്ങിവ ഉപേക്ഷിക്കുക. മത്സ്യമേഖലയെ തകർക്കുംവിധം ഏലൂർ ഫാക്ടറികളിൽനിന്നും ചവറ കെഎംഎൽ നിന്നും കടലിലേക്ക് വിഷമാലിന്യം തള്ളുന്നതിനറുതി വരുത്തുക.

10 കേരളീയരുടെ സുരക്ഷ ഉറപ്പാക്കിക്കൊണ്ടും തമിഴ്നാടിന് ജലം ലഭ്യമാകുന്നവിധത്തിലും ഇരുസംസ്ഥാനങ്ങളിലെയും ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട് ടണൽ നിർമാണം ഉൾപ്പെടെയുള്ള സാങ്കേതിക സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി മുല്ലപ്പെരിയാർ പ്രശ്നം പരിഹരിക്കുക. പശ്ചിമഘട്ടമേഖലയിൽ പുതിയ ഡാമുകൾക്ക് ഇനി പ്രസക്തിയേയില്ല. ഊർജ്ജാവശ്യങ്ങൾക്ക് സോളാർ ഉൾപ്പെടെയുള്ള ബദൽ സ്രോതസുകൾ തേടുക.

11 നികുതി-സെസ്സുകൾ ഏർപ്പെടുത്തി സ്വകാര്യവാഹന ഉപഭോഗത്തെ നിരുത്സാഹപ്പെടുത്തുക, സബ്സിഡികൾ നൽകിയും യാത്രാനിരക്കുകൾ കുറച്ചും പൊതുഗതാഗതത്തെ പ്രോത്സാഹിപ്പിക്കുക.

12 *കേരളമോഡൽ* വികസനത്തിലൂടെ വൻനേട്ടമുണ്ടാക്കിയ അതിസമ്പന്ന-കോർപ്പറേറ്റ് വിഭാഗങ്ങളിലൂന്നി പുനരധിവാസത്തിനും സുസ്ഥിരവികസനത്തിനുമുള്ള ഫണ്ടു കണ്ടെത്തുക.

13 ഫെഡറൽ ഘടനയെ തകർത്ത്, ജനങ്ങൾക്കുമേൽ വമ്പിച്ച വിലക്കയറ്റം അടിച്ചേൽപ്പിച്ച ജി എസ് ടി യുടെമേൽ വീണ്ടും പത്തുശതമാനം സെസ് ഏർപ്പെടുത്താനുള്ള സംസ്ഥാന സർക്കാർ നീക്കം ജനദ്രോഹമാണ്. ഇതടക്കം കേന്ദ്രസർക്കാർ അടിച്ചേൽപ്പിക്കുന്ന നവഉദാര നയങ്ങൾ തിരുത്തുക.

14 പ്രകൃതിദുരന്തത്തിന്റെ കാര്യത്തിൽ പോലും സംസ്ഥാനത്തിന്റെ ഫെഡറൽ അവകാശങ്ങളെ ഹനിക്കുന്നതും ആവശ്യമായ ഫണ്ട് നിഷേധിക്കുന്നതുമായ കേന്ദ്ര കാവിഭരണത്തിനെതിരെ സമാനമനസ്ക്കരായ സംസ്ഥാനങ്ങളുമായി ചേർന്ന് പൊതുവേദി കെട്ടിപ്പടുക്കുക.

15 ആഗോള കാലാവസ്ഥാ വ്യതിയാനത്തിന്റെയും കേരളത്തിന്റെ ഭൂപ്രകൃതിയുടെ സവിശേഷതകളുടെയും പശ്ചാത്തലത്തിൽ കാലാവസ്ഥാ നിരീക്ഷണവും ദുരന്തനിവാരണവും പരിഗണനയിലെടുക്കുന്ന കർമപദ്ധതികൾ ആവിഷ്ക്കരിക്കുക. കാലാവസ്ഥ ശാസ്ത്രജ്ഞരുടെയും പരിസ്ഥിതി വിദഗ്ധരുടെയും മുൻകയ്യിൽ സമഗ്രമായ ഡാം മാനേജ്മെന്റ്, ഫ്ളഡ് ഏരിയാ മാപ്പിങ്ങ്, ദുരന്തനിവാരണ മോണിട്ടറിങ്ങ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും സുതാര്യമാക്കുകയും ചെയ്യുക.

16 പരിസ്ഥിതി സന്തുലനവും ജനങ്ങളുടെ ഉപജീവനവും, ആദിവാസികൾ, ദളിതർ, മത്സ്യതൊഴിലാളികൾ, സ്ത്രീകൾ തുടങ്ങിയ പാർശ്വവൽകൃത-മർദ്ദിത വിഭാഗങ്ങളുടെ സവിശേഷ അവകാശങ്ങളും ഉറപ്പുവരുത്തക്കവിധം കേരള വികസന കാഴ്ചപ്പാടുകളെ സമൂലമായ പുനഃപരിശോധനക്ക് വിധേയമാക്കുക.

17 പ്രളയദുരന്ത തീവ്രത വർദ്ധിപ്പിക്കുന്നതിൽ ഭരണരംഗത്തെ കെടുകാര്യസ്ഥതയും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വവും വഹിച്ച പങ്കിനെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുകയും നടപടികൾ കൈക്കൊള്ളുകയും ചെയ്യുക.

നവകേരള നിർമാണം എന്ന പേരിൽ നടക്കുന്ന ചർച്ചകൾ വികസനത്തിന്റെ മറവിൽ ഇതോടകം വരുത്തിവെച്ച തെറ്റുകൾ ആവർത്തിക്കുന്നതിന് ഇടയായിക്കൂടാ. പരിസ്ഥിതി സൗഹൃദവും ജനപക്ഷ വികസനത്തിലൂന്നുന്നതുമായ ഒരു കേരളം കെട്ടിപ്പടുക്കുന്നതിന് മുകളിൽനിന്നും കെട്ടിയിറക്കിയ പദ്ധതികൾക്കാവില്ല. നയതീരുമാനം മുതൽ നടത്തിപ്പുവരെ എല്ലാതലങ്ങളിലും ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുണ്ടതുണ്ട്.

**തിരുവനന്തപുരം**

**ആഗസ്റ്റ് 29, 2018** **പരിസ്ഥിതിസൗഹൃദ ജനപക്ഷ വികസനത്തിനായുള്ള കൂട്ടായ്മ**